ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓരോ വിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനികളുടെ അളവ് സംബന്ധിച്ച് ഒരു കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം തീരുമാനം കൈക്കൊണ്ട് ഭക്ഷ്യോല്പന്നങ്ങളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) ഭക്ഷ്യസുരക്ഷാനിയമവുമായി ബന്ധപ്പെട്ട് കേന്ദ്ര ചട്ടങ്ങളാണ് നിലവിലുള്ളത്. ആവശ്യമെന്നുകാണുന്ന പക്ഷം ടി ചട്ടങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ട കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

108 ആംബുലൻസ്

125 (2594) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശീലനം സിദ്ധിച്ച പാരാമെഡിക്കൽ ജീവനക്കാർ അടങ്ങുന്ന 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നതാണെന്ന 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിനായി വകയിരുത്തിയിരുന്ന 40 കോടി രൂപ ഉപയോഗിച്ച് എത്ര ആംബുലൻസുകൾ വാങ്ങിയെന്നും അവ ഏതൊക്കെ ജില്ലകളിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും അറിയിക്കുമോ ; ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും കേന്ദ്ര സഹായം, എൻ.ആർ.എച്ച്.എം. ഫണ്ട് ഇവ ലഭ്യമായെങ്കിൽ എത്ര വീതം എന്നും അറിയിക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നടത്തിപ്പോന്ന 47 ആംബുലൻസുകളുടെ സേവനം ഇപ്പോൾ വ്യാപകമായ പരാതിക്ക് ഇടനൽകിയിരിക്കുന്നതായ ആക്ഷേപത്തിനുള്ള കാരണം അറിയിക്കുമോ ; അവയിൽ എത്ര 108 ആംബുലൻസുകൾ ഇപ്പോൾ സേവനം നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സേവനദാതാക്കൾ നടത്തിയ തട്ടിപ്പുകളെ കറിച്ച് അന്വേഷിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 108 ആംബുലൻസ് സംവിധാനം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാനായി 14-7-2014-ന് തീയതി ടെണ്ടർ വിളിക്കുകയും തത്ഫലമായി ജി.വി.കെ ഇ.എം.ആർ.ഐ. എന്ന കമ്പനി ഈ പദ്ധതി പ്രവർത്തിപ്പിക്കാനായി ഏറ്റവും കറഞ്ഞ നിരക്ക് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിനായി സർക്കാർ നിയമിച്ച അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്ലാനിംഗ് സെക്രട്ടറി, ഹെൽത്ത് സെക്രട്ടറി തുടങ്ങിയവർ അടങ്ങിയ ഒരു കമ്മിറ്റി വാഹനങ്ങളുടെ പ്രതിമാസ പ്രവർത്തനങ്ങൾക്കായി ഒരു തുക നിശ്ചയിക്കുകയും പ്രസ്തുത തുകയിൽ വാഹനങ്ങൾ പ്രവർത്തിപ്പിക്കുവാൻ ജി.വി.കെ. ഇ.എം.ആർ.ഐ.-യോട് ആവശ്യപ്പെടുകയും ചെയ്തു. ഈ പദ്ധതി കേരളമൊട്ടാകെ പ്രവർത്തിപ്പിക്കുവാനായി കെൽട്രോൺ ഒരു പദ്ധതി തയ്യാറാക്കി നൽകുകയും മേൽ പറഞ്ഞ കമ്മിറ്റി അത് പരിശോധിച്ച് കെൽട്രോണിനോട് കമ്മിറ്റി നിശ്ചയിച്ച നിരക്ക് പ്രകാരം പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്ന് ആരായുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനത്തിനായി വകയിരുത്തിയിരുന്ന 40 കോടി രൂപ ഉപയോഗിച്ച് ഒരു ആംബുലൻസും വാങ്ങിയിട്ടില്ല. ഇതുവരെ ഈ തുകയിൽ നിന്നും ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(സി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ജി.വി.കെ. ഇ.എം.ആർ.ഐ എന്ന കമ്പനിയാണ് 2015 ജൂലൈ 15 വരെ 108 ആംബുലൻസുകളുടെ ഓപ്പറേറ്റിംഗ് ഏജൻസിയായി പ്രവർത്തിച്ചുവന്നത്. എന്നാൽ അവർക്ക് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്ന് വ്യക്തമാക്കിയതിനെ തുടർന്ന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ സഹായത്തോടുകൂടി ഈ ജില്ലകളിൽ താത്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ച ജീവനക്കാരെ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലാക്കി പ്രവർത്തനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ 19 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 13 വാഹനങ്ങളും സർവ്വീസ് നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ 6 ആംബുലൻസുകളും ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ 5 ആംബുലൻസും വിവിധ തരത്തിലുള്ള അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്. സർക്കാർ ഏറ്റെടുത്ത ഈ വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായും സ്പെയർ പാർട്സ്, മരുന്നുകൾ, ഓക്സിജൻ, ടയർ മുതലായ പല ഘടകങ്ങൾക്കു വേണ്ടിയും ടെണ്ടർ വിളിക്കേണ്ടതായി വരികയും ഇതിന്റെ അറ്റകുറ്റ പണികൾ ഓതറൈസ്ഡ് ഡീലർ ആയ വഞ്ചിനാട് ഫോഴ്സ് എന്ന ഒരു വർക്ക് ഷോപ്പിൽ മാത്രമാണ് ചെയ്യുവരുന്നത്. ഇത്തരത്തിലുള്ള പ്രതിബന്ധങ്ങളാണ് ഈ സർവ്വീസിനെക്കുറിച്ചുള്ള പരാതികൾക്ക് ഇടനൽകിയിരിക്കുന്നത്.

(ഡി) ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനി 16-10-2013 മുതൽ 15-7-2015 വരെ സർവ്വീസ് നടത്തിയതിൽ കരാറിനുവിരുദ്ധമായി പ്രവർത്തിച്ചതിനാൽ ഈ കാലയളവിലെ പ്രവർത്തന തുകയിൽ നിന്നും 1 കോടി 10 ലക്ഷം രൂപയോളം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

താൽക്കാലിക അറ്റൻഡന്റ് ഗ്രേഡ് -2

126(2595) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ താൽക്കാലികമായി അറ്റന്റഡന്റ് ഗ്രേഡ്-2 തസ്തികയിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ബഹു. ഹൈക്കോടതി പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ വിവിധ ജില്ലകളിലായി 328 രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റുമാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നു.

(ബി) താൽക്കാലികമായി രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സി) ബാധകമല്ല.

GPM. 2/242/2020-29

LIBRARY ARCHIVES Kerala Legislative Assembly